# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി8/1939/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 25/11/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2.അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ)
3.കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി8/1939/2022 തീയ്യതി: 25/11/2022

## കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-12-2021 മുതൽ 16-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-09-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സിനി എം.വി | ജോയിന്റ് ഡയറക്ടർ | 17-09-2022 | 26-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-09-2022 | 26-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.എം ബാലകൃഷ്ണൻ ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.എൻ രാജീവൻ സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജാസിർ സി.എം സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എൻ.പി ബാബു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ബേബി പി.വി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സുഷമ പി.വി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ദീപ കെ | സി.ഡി.പി.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി.ബിന്ദു ആർ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2021 | 31-03-2022 |
| ഡോ.ഇ.കെ ഗീത | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 05-10-2021 |
| ഡോ.ഇ.സി ലീന | സീനിയർ വെറ്ററിനറി സർജൻ | 06-10-2021 | 31-03-2022 |
| ശ്രീ.ഷിബിൻ കെ | വ്യവയായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ .മുഹമ്മദ് നവാസ് പി | ക്ഷീരവികസന ഓഫീസർ | 01-04-2021 | 20-10-2021 |
| ശ്രീമതി.രജുല | ക്ഷീരവികസന ഓഫീസർ | 21-10-2021 | 31-03-2022 |
| ശ്രീ.സലീഷ് എസ് | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ഷാമിൻ പി.ആർ | മെഡിക്കൽ ഓഫീസർ(താലൂക്ക് ആശുപത്രി) | 01-04-2021 | 31-03-2022 |
| ശ്രീ.സൂരജ് പി.ജി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.അബ്ദുൾ ഗഫൂർ എം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാര്‍ഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാര്‍ഷിക കണക്കിലെ അപാകതകള്‍ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 8 | കുടിവെള്ള പദ്ധതികളുടെ അവസാനബില്‍ നല്‍കിയിട്ടും പദ്ധതി പ്രവര്‍ത്തനം ആരംഭിച്ചിട്ടില്ല | 1-7 |
| 9 | കുടിവെള്ള പദ്ധതികളുടെ മോട്ടോര്‍ സ്ഥാപിക്കല്‍ - റെയ്ഡ്കോയ്ക്ക് അമിത നിരക്ക് നല്‍കി | 1-8 |
| 10 | ഗുണഭോക്താക്കളുടെ താല്പര്യം പരിഗണിക്കാതെ പദ്ധതി നടപ്പാക്കി - ഇലക്ട്രിക് ഓട്ടോറിക്ഷക്ക് സബ്സിഡി ലഭിച്ചവര്‍ കടക്കെണിയില്‍ | 1-9 |
| 11 | എന്റര്‍പ്രൈസ് ഫെസിലിറ്റേഷന്‍ സെന്റര്‍ ആരംഭിക്കാത്തതും മറ്റ് അപാകതകളും | 1-10 |
| 12 | നെല്‍കൃഷിക്ക് കൂലിച്ചെലവ് -വിള ഇന്‍ഷ്വറന്‍സ് രേഖകള്‍ ഹാജരാക്കിയില്ല | 1-11 |
| 13 | ആവശ്യമായ പരിശീലനം നല്‍കാതെ ഗ്രൂപ്പുകള്‍ക്ക് സംരഭക സബ്സിഡി നല്‍കുന്നു | 1-12 |
| 14 | അങ്കണവാടി ആധുനികവല്‍ക്കരണ പദ്ധതി - സപ്ലൈ ചെയ്യാത്ത സാധനങ്ങള്‍ക്ക് ആര്‍ട്കോയ്ക്ക് തുക നല്‍കി | 1-13 |
| 15 | ഷീ ഡസ്ക് പദ്ധതി നടപ്പാക്കിയതിലെ അപാകതകള്‍ | 1-14 |
| 16 | എസ്.സി.വിദ്യാര്‍ത്ഥികള്‍ക്ക് പഠനമുറി - പദ്ധതി മാനദണ്ഡങ്ങള്‍ പാലിക്കുന്നതില്‍ വീഴ്ച | 1-15 |
| 17 | ഭവന നിര്‍മ്മാണ പദ്ധതികള്‍ സമയ ബന്ധിതമായി പൂര്‍ത്തിയാക്കുന്നതില്‍ വീഴ്ച | 1-16 |
| 18 | പൊതുമരാമത്ത് പദ്ധതികളുടെ നിര്‍വ്വഹണത്തിലെ പൊതു അപാകതകള്‍ | 1-17 |
| 19 | ചക്കിട്ടപ്പാറ എക്സ്ചേഞ്ച് - പൂളച്ചാല്‍ റോഡിലെ കേടുപാടുകള്‍ തീര്‍ക്കാന്‍ നടപടി സ്വീകരിച്ചില്ല | 1-18 |
| 20 | ഇന്ദിരാ ആവാസ് യോജന – വായ്പയും പലിശവും തിരിച്ചടയ്ക്കുന്നത് - സര്‍ക്കാര്‍ ഉത്തരവിലെ നിര്‍ദ്ദേശം പാലിച്ചില്ല. | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |

| | | |
|---|---|---|
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഭരണസമിതിയുട 22/02/2021 ലെ 1/79/2020-21 നമ്പർ തീരുമാന പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 26.03.2022 തിയ്യതിയിലെ 1/103/21-22 തീരുമാനപ്രകാരം അംഗീകരിച്ചു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഇത് പ്രകാരം ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ട് പുതുക്കിയ ബജറ്റിനുള്ള ശുപാർശകളും ബജറ്റ് വർഷത്തേക്കുള്ള ശുപാർശകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. ജനുവരി-10 മുതലാണ് സെക്രട്ടറി വിവിധ നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും നോൺ പ്ലാൻ സംബന്ധിച്ച് നിർദ്ദേശങ്ങൾ വിവിധ നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ളത്. സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ തന്നെ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കുകയും ചെയ്യണം. എന്നാൽ ഈ നടപടിക്രമങ്ങൾ ബജറ്റ് തയ്യാറാക്കുമ്പോൾ പാലിക്കപ്പെട്ടതായി കാണുന്നില്ല.

ഭരണസമിതി അംഗീകരിച്ച ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്/ചെലവുകളും 2021-22 വർഷത്തെ വാർഷിക കണക്ക് പ്രകാരമുള്ള വരവ്/ചെലവുകളും തമ്മിൽ വലിയതോതിൽ വ്യത്യാസം നിലനില്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകരമുള്ള വരവ്/ചെലവ് | യഥാർത്ഥത്തിലുള്ള വരവ്/ചെലവ് |
|---|---|---|
| മുന്നിരിപ്പ് | 3057446 | 11980421 |
| വരവ് | 109727000 | 88189345 |
| ആകെ വരവ് | 112784446 | 100169766 |
| ചെലവ് | 104616000 | 88807385 |
| നീക്കിയിരിപ്പ് | 8168446 | 11362381 |

നിയമ പ്രകാരമുള്ള നടപടിക്രമങ്ങളും സമയക്രമങ്ങളും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കുന്നതിന്

ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 01.07.2022 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു

1. ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ബാധ്യതയായ ലോൺ പലിശ (0.75%) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. ശരിയായ വിവരങ്ങൾ രേഖപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ഡെപ്പോസിറ്റ് തുകയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.
3. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾക്ക് ബാധകമായ ടെണ്ടർ ഫോറം വില ( ഇ – ടെണ്ടർ ഫീ) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. അഡ്വാൻസ് രജിസ്റ്ററിൽ മുഴുവൻ അഡ്വാൻസ് വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഇതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള അഡ്വാൻസ് തുകയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.
5. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
6. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ , പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല.
7. ഡെ ബുക്ക് ദിവസേന പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
8. മാന്വൽ ഓഫീസ് രസീറ്റ് പ്രകാരമുള്ള കലക്ഷൻ സാംഖ്യയിൽ യഥാസമയം വരവ് കാണിക്കാതെ നേരിട്ട് ട്രഷറിയിലേക്ക് ഒടുക്കുകയാണ് ബ്ലോക്ക് പഞ്ചായത്ത് ചെയ്തുവരുന്നത്. ഇത് സാംഖ്യയിൽ ഇന്ററപ്റ്റഡ് രസീതായി വരവ് വെക്കുന്നത് കുറെ ദിവസങ്ങൾക്ക് ശേഷമാണ്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,19,80,421 |

| | |
|---|---|
| വരവ് | 8,81,89,345 |
| ആകെ | 10,01,69,766 |
| ചെലവ് | 8,88,07,385 |
| നീക്കിയിരിപ്പ് | 1,13,62,381 |

1-4 ഫണ്ട് വിനിയോഗം

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 24211459 | 24211459 | 24002880 | 208579 |
| വികസന ഫണ്ട്-എസ്.സി.പി(ACR പ്രകാരം) | | 0 | 14904000 | 14904000 | 14778728 | 125272 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 376000 | 376000 | 376000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 8853463 | 8853463 | 5936620 | 2916843 |
| 13ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി) | ടൈഡ് | 0 | 11499007 | 11499007 | 6707865 | 4791142 |
| | അൺ-ടൈഡ് | 0 | 5039730 | 5039730 | 4493608 | 546122 |
| 13ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബാങ്ക് – പി.എഫ്.എം.എസ്) | ടൈഡ് | 0 | 6704000 | 6704000 | 2841244 | 3862756 |
| | അൺ-ടൈഡ് | 0 | 4603433 | 4603433 | 4178818 | 424615 |

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ-

2021-22 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം.തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കേഷനും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ |
|---|---|---|
| വികസനഫണ്ട്-ജനറൽ ഉത്പാദനം | 59686746 | 6116423 |
| സേവനം | 50321733 | 16460233 |
| പശ്ചാത്തലം | 1479666 | 1479666 |
| വികസനഫണ്ട്-എസ്.സി.പി. സേവനം | 62601568 | 12664044 |
| വികസനഫണ്ട്-ടി.എസ്.പി. സേവനം | 1504000 | 376000 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (സേവനം) | 12253950 | 10229175 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്-സേവനം | 9488484 | 6016063 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്-പശ്ചാത്തലം | 3325796 | 2325796 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ | നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രോജക്റ്റുകൾ |
|---|---|---|---|
| 67 | 51 | 5 | 11 |

വിവിധ പ്രോജക്റ്റുകൾക്കായി 12,20,98,570/- രൂപ വകയിരുത്തിയതിൽ 6,49,01,465/- രൂപ മാത്രമാണ് വിനിയോഗിക്കാൻ സാധിച്ചിട്ടുള്ളത്. യഥാസമയം പ്രൊജക്റ്റുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/C. F. C ഗ്രാന്റ്/ മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതെ വലിയ തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | | വരവ് തുക | ചെലവ് തുക | ലാപ്സായ തുക |
|---|---|---|---|---|
| വികസന ഫണ്ട് - പൊതുവിഭാഗം | | 24211459 | 24002880 | 208579 |
| വികസന ഫണ്ട് - എസ്.സി.പി. | | 14904000 | 14778728 | 125272 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ടൈഡ് | 11499007 | 6707865 | 4791142 |
| | അൺടൈഡ് | 5039730 | 4493608 | 546122 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | | 8853463 | 5936620 | 2916843 |
| ആകെ | | 64507659 | 55919701 | 8587958 |

യഥാസമയം പ്രോജക്റ്റുകൾ പൂർത്തീകരിക്കാത്തതിനാൽ, വികസന ഫണ്ട് / C. F. C ഗ്രാന്റ്/മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് എന്നീ ഇനങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായ മുഴുവൻ തുകയും പൂർണ്ണമായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. നിർവ്വഹണ കലണ്ടർ പ്രകാരം

പദ്ധതികൾ പൂർത്തിയാക്കി, വികസന ഫണ്ടിനത്തിൽ ലഭിക്കുന്ന മുഴുവൻ തുകയും വിനിയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.
പദ്ധതികളുടെ നിർവ്വഹണം മോണിറ്ററിംഗ് ചെയ്യുന്നതിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കുന്നില്ല. കുടിവെള്ള പദ്ധതികളുടെ ഫൈനൽ ബിൽ നൽകിയിട്ടും പല പദ്ധതികളും പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കുടിവെള്ള പദ്ധതികളുടെ എസ്റ്റിമേറ്റുകൾ സമഗ്രമായി തയ്യാറാക്കുന്നില്ല. പദ്ധതികൾ പൂർത്തിയാക്കുന്നതിന് മുമ്പ് പമ്പ് സെറ്റ് സ്ഥാപിച്ചത് ബ്ലോക്ക് പഞ്ചായത്തിന്റെ കെടുകാര്യസ്ഥതയ്ക്ക് ഉദാഹരണമാണ്. (ഖണ്ഡിക 1-7, 1-8 കാണുക).

## 1-6 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ അഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

വിവരാവകാശ അപേക്ഷകൾ, ആയതിന് നൽകിയ മറുപടി എന്നിവ ഉൾപ്പെടുന്ന ഫയലുകൾ, അനുബന്ധ രേഖകൾ എന്നിവ സൂക്ഷിക്കുന്നില്ല. വിവരാവകാശ അപേക്ഷകളുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സെക്ഷനെ ഓഫീസ് ഓർഡർ മുഖേന ചുമതലപ്പെടുത്തിയിട്ടില്ല. ലോൺ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡേ ബുക്ക് പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സി.ഡി.പി.ഒ യുടെ ഫയൽ സൂക്ഷിപ്പ് തൃപ്തികരമല്ല. വൗച്ചറുകൾ ക്രമമായി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങൽ നടപടിക്രമങ്ങളിൽ അപാകതകളുണ്ട്. പർച്ചേസിംഗ് കമ്മിറ്റി ആവശ്യമായ ഇടപെടൽ നടത്തിയതായി കാണുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ട് അപൂർണ്ണമാണ്.

## 1-7 കുടിവെള്ള പദ്ധതികളുടെ അവസാനബിൽ നൽകിയിട്ടും പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല

(എ)പാറാട്ടുപാറ മുണ്ടോട്ടിൽ കുടിവെള്ള പദ്ധതി (എസ്.ഒ)

പ്രോജക്ട് നം. - 111/21

നിർവ്വഹണം - എ.ഇ.ഇ

കരാറുകാരൻ - അഷ്റഫ് കെ.കെ

എസ്റ്റിമേറ്റ് -3000000

പ്രവൃത്തിമൂല്യം - 2709979

അവസാനബിൽ തുക – 863710(ബിൽ- 26/26.03.22)

എം.ബുക്ക് - 58/19-20&6/21-22

26.03.2022 ന് അവസാന ബിൽ നൽകിയ മേൽ പ്രവൃത്തി, ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം 27.09.2022ന് നേരിൽ പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1)അവസാന ബിൽ നൽകി 6 മാസം കഴിഞ്ഞിട്ടും പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല. കോൺക്രീറ്റിൽ പണിത കിണറിന്റെ ഭിത്തിയുടെ ദ്വാരത്തിലൂടെ സമീപത്തുള്ള കൈക്കനാലിൽ നിന്ന് വരുന്ന വെള്ളം കിണറിലേക്കിറങ്ങുന്നതിനാൽ കിണർ വെള്ളം മലിനമായിട്ടുണ്ട്.

2)പ്രവൃത്തി പൂർത്തിയാക്കുന്നതിന് മുമ്പ് തന്നെ മോട്ടോർ സ്ഥാപിച്ചതിന് (30.09.21ന്) തുക ചെലവഴിച്ചിട്ടുണ്ട്. 1 വർഷമായി മോട്ടോർ പ്രവർത്തിപ്പിക്കാതെ കിടക്കുകയാണ്.

3)കിണറിന് ഇരുമ്പ് വല സ്ഥാപിച്ചതിന് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും, ഇരുമ്പ് വല കിണറിന് മുകളിൽ സ്ഥാപിക്കാതെ കിണറിന് സമീപമുള്ള പറമ്പിൽ കിടക്കുന്നതായി കാണുന്നു.

(ബി) പയ്യോളിക്കുന്ന് കുടിവെള്ള പദ്ധതി

പ്രോജക്ട് നം. 110/21

നിർവ്വഹണം - എ.ഇ.ഇ

കരാറുകാരൻ - അഷ്റഫ് കെ.കെ

എസ്റ്റിമേറ്റ് -3400000

പ്രവൃത്തിമൂല്യം - 2962578

അവസാനബിൽ തുക – 796014 (ബിൽ- 26/26.03.22)

എം.ബുക്ക് - 8/20-21 & 55/19-20

26.03.2022 ന് അവസാന ബിൽ നൽകിയ മേൽ പ്രവൃത്തി ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം 27.09.2022ന് നേരിൽ പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല. വയലിൽ കോൺക്രീറ്റ് ഭിത്തിയിൽ നിർമ്മിച്ച കിണറിന്റെ മുകളിലായാണ് പമ്പ് ഹൗസ് നിർമ്മിച്ചിരിക്കുന്നത്. കിണറിന്റെ സൈഡ് ഭിത്തി കെട്ടി ഫില്ലിംഗ് പ്രവൃത്തി ചെയ്തിട്ടില്ലാത്തതിനാൽ മുകളിൽ കയറി പമ്പിംഗ് നടത്താൻ കഴിയില്ല. പമ്പ് ഹൗസിലേക്കുള്ള സർവ്വീസ് വയർ മുറിഞ്ഞ് കിടക്കുന്നതായി കണ്ടു. ഇക്കാര്യം ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽ പ്പെടുത്തിയപ്പോൾ, ഫണ്ടില്ലാത്തതിനാലാണ് മേൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതെന്നും 2022-23 -ൽ തുക വകയിരുത്തിയതായും അറിയിച്ചു.

2)പ്രവൃത്തി പൂർത്തിയാക്കുന്നതിന് മുമ്പ് തന്നെ മോട്ടോർ സ്ഥാപിച്ചതിന് (30.09.21ന്) തുക ചെലവഴിച്ചിട്ടുണ്ട്. 1 വർഷമായി മോട്ടോർ പ്രവർത്തിപ്പിക്കാതെ കിടക്കുകയാണ്.

3) കിണറിന് ഇരുമ്പ് വല സ്ഥാപിച്ചതിന് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും, ഇരുമ്പ് വല കിണറിന് മുകളിൽ സ്ഥാപിക്കാതെ കിണറിന് സമീപമുള്ള പറമ്പിൽ കിടക്കുന്നതായി കാണുന്നു.

ഒരു പ്രവൃത്തി പൂർത്തിയാക്കുന്നതിന് ആവശ്യമായ മുഴുവൻ ഇനങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ഫണ്ട് ലഭ്യമല്ലെങ്കിൽ ബഹുവർഷ പ്രോജക്ട് ആയി പ്രോജക്ട് തയ്യാറാക്കുകയുമാണ് വേണ്ടത്. ഇതിന് വിരുദ്ധമായി മറ്റ് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് മുമ്പ് തിടുക്കത്തിൽ മോട്ടോർ വാങ്ങി സ്ഥാപിച്ചതും മോണിറ്ററിംഗ് ഇല്ലാത്തതും ഭാഗികമായി പ്രോജക്ട് തയ്യാറാക്കിയതുമാണ് അപാകതകൾക്ക് കാരണം. ഇതുവഴി ലക്ഷങ്ങൾ മുടക്കി തയ്യാറാക്കിയ പദ്ധതിയുടെ ഗുണം ഗുണഭോക്താക്കൾക്ക് ലഭിക്കാതെ പോയി. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. മോട്ടോർ സ്ഥാപിച്ച് ഒരു വർഷമായിട്ടും പദ്ധതി പ്രവർത്തനം ആരംഭിക്കാത്തതിനാൽ മേൽ രണ്ടു പ്രവൃത്തികൾക്ക് ചെലവഴിച്ച 56,72,557/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-8 കുടിവെള്ള പദ്ധതികളുടെ മോട്ടോർ സ്ഥാപിക്കൽ - റെയ്ഡ്കോയ്ക്ക് അമിത നിരക്ക് നൽകി

വിവിധ കുടിവെള്ള പദ്ധതികളുടെ മോട്ടോർ സ്ഥാപിച്ചതിന് റെയ്ഡ്കോയ്ക്ക് നൽകിയ തുകയുടെ ഫയൽ പരിശോധിച്ചതിൽ മോട്ടോർ, കൺട്രോൾ പാനൽ, പൈപ്പുകൾ എന്നിവയുടെ വില, ഫിറ്റിംഗ് ചാർജ്, ട്രാൻസ്പോർട്ടേഷൻ & ഇൻസ്റ്റലേഷൻ ചാർജ് എന്നീ ഇനങ്ങളിൽ മാർക്കറ്റ് നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്ക് നൽകുക വഴി ബ്ലോക്ക് പഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടം സംഭവിച്ചതായി കാണുന്നു. റെയ്ഡ്കോയ്ക്ക് നൽകിയ തുകയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര്, ചെലവഴിച്ച തുക | റിമാർക്സ് |
|---|---|
| പാറാട്ടുപാറ കുടിവെള്ള പദ്ധതി,<br>പ്രോജക്ട് നം - 11/21-22<br>ചെലവ് -241844<br>ബിൽനം- 93/30.9.21 | 10 എച്ച്.പി 3 PH മോട്ടോർ വില – 95760<br>10 എച്ച്.പി കൺട്രോൾ പാനൽ" - 34810<br>ഇൻസ്റ്റലേഷൻ ചാർജ് " - 41536<br>മറ്റുള്ളവ (ടാക്സ് ഉൾപ്പെടെ) - 69738 |

| | |
|---|---|
| | |
| പയ്യോളികുന്ന് കുടിവെള്ള പദ്ധതി,<br>പ്രൊജക്റ്റ് നം - 10/21-22<br>ചെലവ് -181184<br>ബിൽനം- 94/30.9.21 | 5എച്ച്.പി "മോട്ടോർ വില –<br>51856<br>5 എച്ച്.പി കൺട്രോൾ<br>പാനൽ" - 27140<br>ഇൻസ്റ്റലേഷൻ ചാർജ് " –<br>35990<br>മറ്റുള്ളവ (ടാക്സ് ഉൾപ്പെടെ) –<br>66198 |
| നിലംബ്ര കോളനിയിൽ മോട്ടോറും പമ്പ് സെറ്റും സ്ഥാപിക്കൽ,<br>പ്രോജക്റ്റ് നം- 145/21-22<br>ചെലവ് -218760<br>ബിൽനം- 211/4.3.22 | 7.5എച്ച്.പി "മോട്ടോർ വില -<br>68880<br>7.5 എച്ച്.പി കൺട്രോൾ<br>പാനൽ" - 32450<br>ഇൻസ്റ്റലേഷൻ ചാർജ് " –<br>40946<br>മറ്റുള്ളവ (ടാക്സ് ഉൾപ്പെടെ) –<br>76484 |
| പിലാച്ചേരി കുടിവെള്ള പദ്ധതി മോട്ടോർ പമ്പ് സ്ഥാപിക്കൽ,<br>പ്രൊജക്റ്റ് നം- 46/21 (എസ്.ഒ)<br>ചെലവ് -173586<br>ബിൽനം- 5/24.05.21 | 5എച്ച്.പി "മോട്ടോർ വില –<br>51076<br>5 എച്ച്.പി കൺട്രോൾ<br>പാനൽ" - 23800<br>ഇൻസ്റ്റലേഷൻ ചാർജ് " –<br>40031<br>മറ്റുള്ളവ (ടാക്സ് ഉൾപ്പെടെ) –<br>58679 |

പ്രധാന അപാകതകൾ

1) മേൽ പ്രവൃത്തിക്ക് മെക്കാനിക്കൽ/ഇലക്ട്രിക്കൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. റെയ്ഡ്കോ ആവശ്യപ്പെട്ട തുകയ്ക്ക് കരാർ വെച്ച് തുക നൽകുകയാണ് ചെയ്തത്.

3) മോട്ടോർ പൊതു വിപണിയിൽ നിന്ന് ടെണ്ടർ/ലിമിറ്റഡ് ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള സാധ്യത പർച്ചേസ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.

4) മേൽ അപാകതകൾ ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന്, റെയ്ഡ്കോ പമ്പ്സെറ്റ് വിതരണം ചെയ്യുന്നതിനുള്ള അംഗീകൃത സ്ഥാപനമാണെന്നും രജിസ്ട്രേഷൻ പുതുക്കിയതിനുള്ള സ്റ്റോർപർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ ഉത്തരവ് ഹാജരാക്കുകയും ചെയ്തു. എന്നാൽ മേൽ ഉത്തരവിന്റെ അനുബന്ധമായി റെയ്ഡ്കോയ്ക്ക് നൽകാവുന്ന അനുവദനീയമായ നിരക്ക് സംബന്ധിച്ച പട്ടിക പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

5) പ്രവൃത്തിക്ക് ഉപയോഗിച്ച സാധന സാമഗ്രികൾ റെയ്ഡകോ നിർമ്മിച്ചതല്ല. പമ്പ് സെറ്റും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന്റെ ഒറിജിനൽ ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പൊതു വിപണിയിലെ നിരക്ക് പരിശോധിക്കാതെ, ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്ന തരത്തിൽ പദ്ധതി നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്. മേൽ പ്രവൃത്തികളിലെ ഇനങ്ങൾക്ക് മെക്കാനിക്കൽ എഞ്ചിനീയർ/ഇലക്ട്രിക്കൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി, ചെലവഴിക്കാവുന്ന തുക എത്രയെന്ന് നിർണയിക്കേണ്ടതും അധികം നൽകിയ തുക റെയ്ഡ്കോയിൽ നിന്ന് തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ചെലവഴിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്. മേൽ നാല് പ്രവൃത്തികൾക്കായി ചെലവഴിച്ച 8,15,374/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-9 ഗുണഭോക്താക്കളുടെ താല്പര്യം പരിഗണിക്കാതെ പദ്ധതി നടപ്പാക്കി - ഇലക്ട്രിക് ഓട്ടോറിക്ഷക്ക് സബ്സിഡി ലഭിച്ചവർ കടക്കെണിയിൽ

വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിൽ രണ്ട് പട്ടികജാതി വനിതകൾക്ക് ഇലക്ട്രിക് ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി ആനുകൂല്യം നൽകുന്നതിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | ഐ.ഇ.ഒ |
| പ്രോജക്ട് നം. | 25/22 |
| അടങ്കൽ | 170000/- |
| ഫണ്ട് | ഫണ്ട് ജനറൽ |
| ചെലവ് | 170000/- |

ഗുണഭോക്താക്കൾക്ക് ഇലക്ട്രിക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. സ.ഉ.(കൈ) നം.11/2018/ തസ്വഭവ.തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3-12-ബി. യിൽ പദ്ധതി ആസൂത്രണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റേക്ക് ഹോൾഡർമാരുമായി കൂടിയാലോചനകൾ, ബാങ്ക്/ സഹകരണ സ്ഥാപനങ്ങളുമായി ചർച്ചകൾ എന്നിവ നടത്തിയതിന് ശേഷമാണ് പദ്ധതിക്ക് രൂപം നൽകേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഈ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ഓഡിറ്റിന്റെ ഭാഗമായി പദ്ധതിയിൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളെ നേരിൽ കേൾക്കുകയും രേഖകൾ പരിശോധിക്കുകയുമുണ്ടായി. മലയോര മേഖലയിൽ താമസിക്കുന്നവരായതിനാൽ ഇലക്ട്രിക് ഓട്ടോറിക്ഷ ഫലപ്രദമല്ലെന്നും സാധാരണ ഡീസൽ ഓട്ടോറിക്ഷയാണ് വേണ്ടതെന്നും ഗുണഭോക്താക്കൾ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ഇലക്ട്രിക്ക് ഓട്ടോ വാങ്ങുന്നതിനാണ് പദ്ധതിക്ക് അംഗീകാരം ലഭിച്ചതെന്ന കാരണത്താൽ ഗുണഭോക്താക്കൾ ഇവ വാങ്ങുന്നതിന് നിർബന്ധിതരായി. നിരന്തരമായി റിപ്പയർ വർക്ക് വരുന്നതിനാലും, സമയബന്ധിതമായി സർവ്വീസ് ലഭിക്കാത്തതിനാലും നിലവിൽ രണ്ട് ഓട്ടോകളും ഓടാത്ത അവസ്ഥയാണുള്ളത്. മൂന്ന് ലക്ഷത്തിലേറെ രൂപ ബാങ്ക് ലോൺ എടുത്ത ഗുണഭോക്താക്കളുടെ ലോൺ തിരിച്ചടവ് മാസങ്ങളായി മുടങ്ങിക്കിടക്കുന്ന സ്ഥിതിയാണുള്ളത്. ഗുണഭോക്താക്കളുടെ താല്പര്യം പരിഗണിക്കാതെ പദ്ധതി നടപ്പാക്കിയതിനാൽ ഇവർ കടക്കെണിയിലാകുന്ന അവസ്ഥയാണുള്ളത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/21-22/26.9.22) നൽകിയ മറുപടിയിൽ ഗുണഭോക്താക്കളുമായി ചർച്ച നടത്തിയതിന് ശേഷമാണ് പദ്ധതി നടപ്പാക്കിയതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ ഗുണഭോക്താക്കളുടെ താല്പര്യം കൂടി പരിഗണിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതും, ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി സർവ്വീസ് ലഭിയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് അവരുടെ ലോൺ തിരിച്ചടവ് കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതുമാണ്.

### 1-10 എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കാത്തതും മറ്റ് അപാകതകളും

സർക്കാർ ഉത്തരവ് (കൈ)22/2018/തസ്വഭവ, തീയതി.14.02.18 ലെ ഖണ്ഡിക 6.4.23 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ സ്വയംതൊഴിൽ സംരഭകർക്ക് ആവശ്യമായ നിർദേശങ്ങളും, പരിശീലനവും നൽകുന്നതിന് എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കേണ്ടതാണ്. എന്നാൽ ഇത് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തുകളിൽ നിന്നും നിർദേശിക്കുന്ന സംരഭകർക്ക് സംരഭവികസനവുമായി ബന്ധപ്പെട്ട പ്രത്യേക മേഖലകളിലെ സംരഭകത്വം സംബന്ധിച്ച

വിശദവും സൂക്ഷ്മവുമായ പരിശീലനം നൽകുകയും പ്രോജക്ട്, ഫീസിബിലിറ്റി, റിപ്പോർട്ട്, ബാങ്ക് എബിലിറ്റി, ലൈസൻസുകൾ എന്നിവ സംബന്ധിച്ച വ്യക്തമായ ഉപദേശ നിർദ്ദേശങ്ങളും സഹായങ്ങളുമാണ് സെന്ററിലൂടെ ലക്ഷ്യമാക്കുന്നത്. ആവശ്യമായ ഫർണ്ണിച്ചറുകളും, പരിശീലന സാമഗ്രികളും ഉറപ്പാക്കി ബ്ലോക്ക് പഞ്ചായത്തുകൾ ഇത്തരം സെന്ററുകൾ ആരംഭിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം ഇതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. സംരഭകരാകാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ പരിശീലനം നൽകുകയും അവരെ മികച്ച സംരഭകരാക്കി മാറ്റുകയും ചെയ്യുന്നതിന് പകരം ഓഡിറ്റ് വർഷത്തിൽ രണ്ട് ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പാക്കിയിരിക്കുന്നത്. സംരഭകരെ സംരംഭം നടത്താൻ പ്രാപ്തരാക്കാതെ സബ്സിഡി മാത്രം നൽകുന്നത് ശരിയായ നടപടിയല്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/21-22/26.9.22) വ്യവസായ വികസന ഓഫീസർ മറുപടി സമർപ്പിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ സ്വയം സഹായ സംരഭകർക്ക് ആവശ്യമായ പരിശീലനവും നിർദ്ദേശവും നൽകുന്നതിന് വ്യവസായ വികസന ഓഫീസിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും, ഓഡിറ്റ് വർഷത്തിൽ സബ്സിഡി നൽകിയ രണ്ട് ഗ്രൂപ്പുകളെയും പരിശീലനത്തിൽ പങ്കെടുപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ സംരഭകർക്ക് വിപുലമായി രീതിയിൽ പരിശീലനവും മറ്റ് മാർഗ്ഗ നിർദ്ദേശങ്ങളും നൽകുന്നതിന് സർക്കാർ നിർദ്ദേശിച്ച പ്രകാരം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-11 നെൽകൃഷിക്ക് കൂലിച്ചെലവ് -വിള ഇൻഷുറൻസ് രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണം – അസി.ഡയറക്ടർ (കൃഷി)

പ്രോജക്ട് നം – 124/21-22. നെൽകൃഷിക്ക് കൂലിച്ചെലവ് (സ്പിൽ ഓവർ)

അടങ്കൽ – 4216585/- (വികസനഫണ്ട്-ജനറൽ-856585/-,

ഗ്രാമപഞ്ചായത്ത് വിഹിതം- 1680000/-

ജില്ലാ പഞ്ചായത്ത് വിഹിതം- 1680000/-)

ചെലവ്- 856585/- (ബിൽ നം-10/21-22 തി-05.07.2021 തുക-375000/-

ബിൽ നം-09/21-22 തി-05.07.2021 തുക-70000/-

ബിൽ നം-12/21-22 തി-05.07.2021 തുക-255000/-

ബിൽ നം-11/21-22 തി-05.07.2021 തുക-44085/-

ബിൽ നം-14/21-22 തി-07.07.2021 തുക-112500/-

----------------------------------------------

ആകെ തുക- 856585/-)

പ്രോജക്ട് നം -32/21-22. നെൽകൃഷിക്ക് കൂലിച്ചെലവ്

അടങ്കൽ-5858000/-(വികസനഫണ്ട്-ജനറൽ-600000/-, ഗ്രാമപഞ്ചായത്ത് വിഹിതം- 3578000/-

ജില്ലാ പഞ്ചായത്ത് വിഹിതം- 1680000/-)

ചെലവ്- 600000/- (ബിൽ നം-01/21-22 തി-28.01.2022 തുക-360000/-

ബിൽ നം-02/21-22 തി-31.01.2022 തുക-90000/-

ബിൽ നം-03/21-22 തി-10.02.2021 തുക-150000/-

----------------------------------------------

ആകെ തുക- 600000/-)

മുകളിൽ ചേർത്ത 2 പദ്ധതികൾ വഴി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നെൽകൃഷി കൂലിച്ചെലവ് ഇനത്തിൽ വിഹിതം അനുവദിച്ചിട്ടുണ്ട്. സ.ഉ(കൈ) നം-22/2018/തസ്വഭവ തിയ്യതി- 14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1 പ്രകാരം ഒരു ഹെക്ടറിന് അനുവദിക്കാവുന്ന പരമാവധി തുക 17000/- രൂപയാണ്. കൂടാതെ വിള ഇൻഷുറൻസ് തുക കർഷകൻ മുൻകൂറായി അടക്കേണ്ടതാണ്. എന്നാൽ വിള ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. അതുകൊണ്ടുതന്നെ അർഹതയായവർക്കാണോ ധനസഹായം നൽകിയതെന്ന് ഉറപ്പാക്കാനായില്ല. ആവശ്യമായ രേഖകൾ പരിശോധിക്കാതെ കൂലിചെലവ് സബ്സിഡി നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതും വിള ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-12 ആവശ്യമായ പരിശീലനം നൽകാതെ ഗ്രൂപ്പുകൾക്ക് സംരഭക സബ്സിഡി നൽകുന്നു

വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിൽ അഞ്ച് പേരടങ്ങിയ രണ്ട് വനിതാ ഗ്രൂപ്പുകൾക്ക് സംരംഭം തുടങ്ങാൻ സബ്സിഡി നൽകുന്നതിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | ഐ.ഇ.ഒ |
| പ്രോജക്ട് നം. | 25/22 |
| അടങ്കൽ | 600000/- |

| | |
|---|---|
| ഫണ്ട് | വികസനം |
| ചെലവ് | 600000/- |

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ സമൃദ്ധി സ്വയം സഹായ സംഘം, ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ ഹരിതം ജെ.എൽ.ജി. എന്നീ ഗ്രൂപ്പുകൾക്ക് മൂന്ന് ലക്ഷം രൂപ വീതമാണ് സബ്സിഡി നൽകിയിരിക്കുന്നത്. ഓഡിറ്റിന്റെ ഭാഗമായി ഈ ഗ്രൂപ്പുകളുടെ പ്രവർത്തനം പരിശോധിക്കുകയുണ്ടായി. സ.ഉ (കൈ) നം.22/2018/തസ്വഭവ.തി.14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ. 6-4-4ൽ സംരംഭങ്ങളുടെ കാര്യത്തിൽ കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടിയവർക്ക് മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ സബ്സിഡി നൽകിയ ഗ്രൂപ്പുകൾക്ക് പരിശീലനം നൽകിയതായി കാണുന്നില്ല. മാത്രമല്ല സംരംഭത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായി കാഷ് ബുക്ക് മറ്റ് അനുബന്ധ രജിസ്റ്ററുകൾ എന്നിവ എഴുതുന്നതിനും ഇവർക്ക് പരിശീലനം നൽകിയതായി കാണുന്നില്ല. സംരംഭം ആരംഭിച്ചതിന് ശേഷം ഈ ഗ്രൂപ്പുകളുടെ യോഗത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ പങ്കെടുത്ത് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നല്കിയതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/21-22/26.9.22) നൽകിയ മറുപടിയിൽ ഗ്രൂപ്പുകൾക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട് എന്ന് വ്യവസായ വികസന ഓഫീസർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകുന്നതിന് മുൻപായി ബന്ധപ്പെട്ട സംരംഭക മേഖലയിൽ അവർക്ക് പരിശീലനം ലഭിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-13 അങ്കണവാടി ആധുനികവൽക്കരണ പദ്ധതി - സപ്ലൈ ചെയ്യാത്ത സാധനങ്ങൾക്ക് ആർട്കോയ്ക്ക് തുക നൽകി

സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതിയിൽ അങ്കണവാടികളിലേക്ക് കളിയുപകരണങ്ങൾ, ഫർണ്ണീച്ചർ, ടി.വി, ശിശുസൗഹൃദ പെയിന്റിംഗ് എന്നിവ ലഭ്യമാക്കുന്നതിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | സി.ഡി.പി.ഒ |
| പ്രോജക്ട് നം. | 25/22 |
| അടങ്കൽ | 1000000/- |
| ഫണ്ട് | വികസന ഫണ്ട് ജനറൽ |

| | |
|---|---|
| ചെലവ് | 1000000/- |
| ബിൽ നം. | 3/22/21.03.22 |

പ്രോജക്ടിൽ എന്തൊക്കെ സാധനങ്ങൾ വാങ്ങണമെന്നത് സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. പ്രൊക്വയർമെന്റ് കമ്മിറ്റി സാധനങ്ങളുടെ വാങ്ങലുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ തയ്യാറാക്കിയിട്ടില്ല. സാധനങ്ങൾ വാങ്ങിയിരിക്കുന്നത് ആർട്കോ പാലക്കാട്, അലി സ്റ്റോർ വടകര എന്നീ സ്ഥാപനങ്ങളിൽ നിന്നാണ്. ആർട്കോയിൽ നിന്ന് നേരിട്ടാണ് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. ആർട്കോയിലേക്ക് സാധനങ്ങൾ ആവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോസ്ഥ കത്തെഴുതിയതായി കാണുന്നില്ല. ആർട്കോ ഹാജരാക്കിയ രണ്ട് ബില്ലുകളിലായി (ബിൽനം.409/20.3.21, 420/22.3.21) നാല് സ്മാർട്ട് ടെലിവിഷനുകൾ സപ്ലൈ ചെയ്തതായി സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ആർട്കോ ഇവ സപ്ലൈ ചെയ്തിട്ടില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. ബില്ലിൽ സൂചിപ്പിച്ചിരിക്കുന്ന സാധനങ്ങൾ യഥാർത്ഥത്തിൽ ലഭിച്ചിട്ടുണ്ടോ എന്ന കാര്യം നിർവ്വഹണ ഉദ്യോഗസ്ഥ പരിശോധിച്ച് ഉറപ്പുവരുത്താതെ ബിൽ പ്രകാരമുള്ള തുക നൽകിയതു കൊണ്ടാണ് ഈ അപാകത സംഭവിച്ചിരിക്കുന്നത്. അപാകത പിന്നീട് ശ്രദ്ധയിൽപ്പെട്ടപ്പോൾ ടി.വി -യ്ക്ക് പകരം അങ്കണവാടിക്ക് ആവശ്യമായ മറ്റ് കളിയുപകരണങ്ങൾ നൽകാൻ ആർട്കോയോട് ആവശ്യപ്പെട്ട പ്രകാരം അവ നൽകിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിക്കുകയുണ്ടായി. എന്നാൽ ഇതിന്റെ ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ടി.വി ക്ക് പകരം നൽകിയ സാധനങ്ങളുടെ വില പരിശോധിച്ച്, അധികം തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് ആർട്കോയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. സാധനങ്ങളുടെ പ്രൈസ് ലിസ്റ്റ്, സ്റ്റോക്ക് റജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അലി സ്റ്റോർ വടകര എന്ന സ്ഥാപനത്തിന് മേറ്റ് വാങ്ങിയ ഇനത്തിൽ 66000/- രൂപ നൽകിയിട്ടുണ്ട്. ലിമിറ്റഡ് ടെൻഡർ മുഖേന വാങ്ങേണ്ടിയിരുന്ന സാധനം വാങ്ങിയിരിക്കുന്നത് നേരിട്ടാണ്. വാങ്ങലുമായി ബന്ധപ്പെട്ട് പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാനമെടുത്തിട്ടില്ല. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/21-22/26.9.22) മറുപടി സമർപ്പിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1000000/- തടസ്സത്തിൽ വെയ്ക്കുന്നു.

## 1-14 ഷീ ഡസ്ക് പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായ ഷീ ഡസ്ക് പദ്ധതിയിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | സി.ഡി.പി.ഒ |
| പ്രോജക്റ്റ് നം. | 17/22 |
| അടങ്കൽ | 456855/- |
| ഫണ്ട് | വികസന ഫണ്ട് ജനറൽ |
| ചെലവ് | 456855/- |
| ബിൽ നം. | 15/21-22/23.03.22 |

നിശ്ചിത യോഗ്യതയുള്ള കൗൺസിലർമാരെ നിയമിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. എന്നാൽ പദ്ധതിയിൽ പരാമർശിക്കാത്ത ഇനങ്ങളായ കാഡ്കോയിൽ നിന്ന് ഫർണ്ണീച്ചർ വാങ്ങുന്നതിന് 66146/- രൂപയും, എഡ്യുമാർട്ടിൽ നിന്ന് പുസ്തകങ്ങൾ വാങ്ങുന്നതിന് 13771/- രൂപയും ചെലവഴിച്ചതായി കാണുന്നു. പ്രോജക്റ്റ് റിവൈസ് ചെയ്യാതെയാണ് ഈ ഇനങ്ങൾക്കായി തുക ചെലവഴിച്ചിരിക്കുന്നത്. പുസ്തകങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടില്ല. പ്രോജക്റ്റ് റിവൈസ് ചെയ്യാതെ പദ്ധതി നടപ്പാക്കിയത് വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/21-22/26.9.22) മറുപടി നൽകിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 456855/- തടസ്സത്തിൽ വെയ്ക്കുന്നു. 2020-21 വർഷത്തെ റിപ്പോർട്ടിൽ സമാന പദ്ധതി നടത്തിയത് മേഖലാച്ചുമതലകളുടെ ലംഘനമാണെന്ന് സൂചിപ്പിച്ചിരുന്നു. എന്നാൽ ഇത് പരിഗണിക്കാതെ വീണ്ടും ഇതേ പദ്ധതി തന്നെ നടപ്പാക്കുകയാണുണ്ടായത്.

### 1-15 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിൽ വിദ്യാർത്ഥികൾക്ക് പഠനമുറിക്ക് ആനുകൂല്യം നൽകുന്നതിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | എസ്.സി.ഡി ഒ |
| പ്രോജക്റ്റ് നം. | 28/22 |
| അടങ്കൽ | 1500000/- |
| ഫണ്ട് | വികസനം.(SCP) |
| ചെലവ് | 1500000/- |
| ബിൽ നം. | 8/22/18.03.22 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

ചുവടെ ചേർക്കുന്നു.

1. സ.ഉ (കൈ) നം.22/2018/തസ്വഭവ.തി.14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.7-2-17 ൽ നിലവിൽ 800 ചതുരശ്ര അടിയിലധികരിക്കാത്ത വീടുള്ള ഗുണഭോക്താക്കൾക്കാണ് ഈ ആനുകൂല്യത്തിനർഹത. എന്നാൽ ഈ പദ്ധതിയിൽ ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ വീടുകളുടെ വിസ്തൃതി തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഫയലിൽ ഇല്ല.

2. സർക്കാർ ഉത്തരവിൽ ആവശ്യപ്പെടാത്ത സർട്ടിഫിക്കറ്റുകൾ വാങ്ങുന്നത് ഗുണഭോക്താക്കൾക്ക് സാമ്പത്തിക നഷ്ടവും, പദ്ധതി നിർവഹണത്തിൽ കാലവിളംബവും ഉണ്ടാകാൻ ഇടയാകുന്നുണ്ട്.

3. സ്വകാര്യ എഞ്ചിനീയറിൽ നിന്നും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പാവപ്പെട്ട എസ്.സി ഗുണഭോക്താക്കൾക്ക് വലിയ തുക നൽകേണ്ടി വരുന്നതായി ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. മാത്രമല്ല ഇതുമൂലം പദ്ധതി പൂർത്തീകരണത്തിന് താമസം നേരിടുകയും ചെയ്യുന്നു.

4. പദ്ധതി സംബന്ധിച്ച് വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/21-22/26.9.22) പട്ടികജാതി വികസന ഓഫീസർ മറുപടി സമർപ്പിച്ചിട്ടുണ്ട്. (നം.299/21/27.09.22) ഭാവിയിൽ ഇത്തരം പദ്ധതി നടപ്പാക്കുമ്പോൾ വിദ്യാർത്ഥികളിൽ നിന്നും വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നതല്ലെന്ന് അറിയിച്ചിട്ടുണ്ട്. മോണിറ്ററിംഗ് സമയബന്ധിതമായി നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതാണ്.

## 1-16 ഭവന നിർമ്മാണ പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച

ഓഡിറ്റ് വർഷം നടപ്പാക്കിയ വിവിധ ഭവന നിർമ്മാണ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | പ്രോജക്ട് നം. | അടങ്കൽ | ചെലവ് |
|---|---|---|---|
| ലൈഫ് പി.എം.എ.വൈ ഭവന നിർമ്മാണം. ജനറൽ | 1/22 | 24262967 | 8916000 |

| | | | |
|---|---|---|---|
| ലൈഫ് പി.എം.എ.വൈ ഭവന നിർമ്മാണം (S.C) | 7/22 | 7394847 | 4282369 |

ഓഡിറ്റ് വർഷം മേൽ സൂചിപ്പിച്ച ഭവന നിർമ്മാണ പദ്ധതികളിലായി 106 ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 102 പേർ മാത്രമേ എഗ്രിമെന്റ് വെച്ചിട്ടുള്ളൂ. ബാക്കി 4 ഗുണഭോക്താക്കൾ എഗ്രിമെന്റ് വെച്ചിട്ടില്ല. പ്രവൃത്തി ആരംഭിച്ചതിൽ 7 വീടുകൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. 7 ഗുണഭോക്താക്കൾ ഇതുവരെ പ്രവൃത്തി ആരംഭിച്ചതായി കാണുന്നില്ല. ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | വിഭാഗം | പഞ്ചായത്ത് |
|---|---|---|
| കവിത.പി | എസ്.സി | കായണ്ണ |
| ഷൈലേഷ് കുമാർ | എസ്.സി | കായണ്ണ |
| ശാരദ.പി.എം | എസ്.സി | കൂത്താളി |
| സുശീല | എസ്.സി | കൂത്താളി |
| ശാലിനി | എസ്.സി | പേരാമ്പ്ര |
| സരോജിനി | എസ്.സി | പേരാമ്പ്ര |
| കാർത്യായനി അമ്മ | ജനറൽ | പേരാമ്പ്ര |

ഗുണഭോക്താക്കൾ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/21-22/26.9.22) മറുപടി സമർപ്പിച്ചിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 പൊതുമരാമത്ത് പദ്ധതികളുടെ നിർവ്വഹണത്തിലെ പൊതു അപാകതകൾ

അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതുമരാമത്ത് പദ്ധതികളുടെ രൂപീകരണ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 2021-22 സാമ്പത്തിക വർഷം അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ ആകെ 9 പ്രവൃത്തികളിൽ 8 എണ്ണത്തിന് തൻവർഷം തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതികൾക്കായി ആകെ വകയിരുത്തിയ 1,57,10,197/- രൂപയിൽ 1,08,50,212/- രൂപ ചെലവഴിച്ചിട്ടുണ്ട്.

അസി.എഞ്ചിനിയർക്ക് 2021-22ൽ ആകെ 30 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 26 പദ്ധതികൾക്ക് തുക ചെലവഴിച്ചിട്ടുണ്ട് ആകെ 1,96,78,908/- രൂപ വകയിരുത്തിയതിൽ 1,64,45,429/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഓരോ വർഷവും അംഗീകാരം നൽകുന്ന പുതിയ പദ്ധതികൾ തൻവർഷം നടപ്പാകാതെ അടുത്ത വർഷത്തേക്ക് സ്പിൽ ഓവർ ആകുന്ന പ്രവണത തുടർച്ചയായി കാണുന്നു. ഇത് കാരണം ബ്ലോക്ക് പഞ്ചായത്തിന് ഗണ്യമായ തോതിൽ ഫണ്ട് നഷ്ടമുണ്ടാവുന്നു, മാത്രമല്ല പൊതുമരാമത്ത് മേഖലയിലെ വികസനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.

2) കേരള പഞ്ചായത്ത് രാജ് ആക്ട് നാലാം പട്ടികയിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാ ചുമതലകളെപ്പറ്റി വിശദീകരിക്കുന്നുണ്ട്. ഒന്നിലേറെ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ പ്രവൃത്തിയും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ പരിപാലനവുമാണ് ഈ വിഭാഗത്തിലെ പ്രധാന ചുമതലകൾ. എന്നാൽ ഒന്നിലേറെ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ ഒരു പ്രവൃത്തിപോലും ഓഡിറ്റ് വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയിട്ടില്ല.

3) പൊതുമരാമത്ത് മേഖലയുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല. റിപ്പോർട്ടിൽ മേഖലയിലെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് മേഖലയിലെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കേണ്ടതും, ഇതിൽ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതികൾ നിർവ്വഹണം നടത്തേണ്ടതുമാണെന്ന നിർദ്ദേശം പാലിക്കാൻ ശ്രദ്ധിച്ചിട്ടില്ല.

4) സ.ഉ.(കൈ) നം.11/2018/തസ്വഭവ. തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3.5.6 ൽ ബ്ലോക്ക് പഞ്ചായത്തുകൾ അഞ്ച് ലക്ഷം രൂപയിൽ കുറവുള്ള പദ്ധതികൾ ഏറ്റെടുക്കാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷങ്ങളിൽ ഈ നിബന്ധന പൂർണ്ണമായും പാലിച്ചതായി കാണുന്നില്ല.

5) ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

6) പ്രോജക്റ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ, ടെണ്ടർ നോട്ടീസ് കോപ്പി, പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപ്പിച്ചതിന്റെ രേഖ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

7) ഓരോ മരാമത്ത് പ്രവൃത്തിയും പൂർത്തിയായതിന് ശേഷം ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി സൈറ്റ് സന്ദർശിച്ച് വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി ഭരണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ തയ്യാറാക്കിയ മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഫയലിനോടൊപ്പം

ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/20-21/26.9.22) മറുപടി നൽകിയിട്ടില്ല. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ സമാനമായ അപാകതകൾ ചൂണ്ടിക്കാണിച്ചെങ്കിലും അവ ഇപ്പോഴും പരിഹരിക്കപ്പെടാതെ അപാകതകൾ ആവർത്തിക്കുന്ന പ്രവണത കാണുന്നു. ഇത്തരം അപാകതകൾ പരിഹരിക്കുന്ന കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-18 ചക്കിട്ടപ്പാറ എക്സ്ചേഞ്ച് - പൂളച്ചാൽ റോഡിലെ കേടുപാടുകൾ തീർക്കാൻ നടപടി സ്വീകരിച്ചില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| പ്രോജക്റ്റ് നം. | 143/22 |
| അടങ്കൽ | 900000/- |
| ഫണ്ട് | സി.എഫ്.സി |
| ചെലവ് | 893503/- |
| ബിൽ നം.തി | 1/30.03.22 |

പൂളച്ചാൽ റോഡ് റീ ടാറിംഗ് നടത്തി ഗതാഗത യോഗ്യമാക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. പ്രവൃത്തി പൂർത്തിയാക്കി 30.03.2022 ന് തുക കരാറുകാരായ കൈരളി ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്ക് കൈമാറിയിട്ടുണ്ട്. ഈ റോഡിൽ കേടുപാടുകൾ സംഭവിച്ചതായി കാണിച്ച് അസി.എഞ്ചിനിയർ 11.08.22ന് സൊസൈറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. (കത്ത്നം.ഡി1/143/22) എന്നാൽ കേടുപാടുകൾ പരിഹരിച്ചതായി കാണുന്നില്ല. സൊസൈറ്റിയുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ ഏർപ്പെട്ട കരാറിലെ (നം.എ.ജി.ടി./ എ.ഇ/19/21-22/23.02.22) 6ാം നമ്പർ വ്യവസ്ഥയിൽ ഗ്യാരണ്ടി പിരീഡിനുള്ളിൽ സംഭവിക്കുന്ന എല്ലാ തകരാറുകളും പരിഹരിക്കുന്നതിന് കരാറുകാരന് ഉത്തരവാദിത്തമുണ്ടെന്ന് പരാമർശിച്ചിട്ടുണ്ട്. ഇതിൽ കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ പ്രവൃത്തിയുടെ തകരാറുകൾ മറ്റൊരു ഏജൻസിയെക്കൊണ്ട് പരിഹരിക്കുന്നതിനും ഇതിന്റെ ചെലവ് കരാറുകാരന്റെ ജാമ്യ നിക്ഷേപത്തിൽ നിന്ന് ഈടാക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/21-22/26.9.22) മറുപടി നൽകിയിട്ടില്ല. റോഡിന്റെ കേടുപാടുകൾ തീർക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-19 ഇന്ദിരാ ആവാസ് യോജന – വായ്പയും പലിശവും തിരിച്ചടയ്ക്കുന്നത് - സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചില്ല.

ഐ.എ.വൈ പദ്ധതിയ്ക്കായി 2012-2013 വർഷത്തിൽ ഗുണഭോക്താക്കൾക്ക് 75,000/- രൂപ അധിക ധനസഹായം (സംസ്ഥാന വിഹിതം) നൽകുന്നതിന് സഹകരണ ബാങ്കിൽ നിന്ന് വായ്പ എടുക്കുവാൻ സ.ഉ. 90/2013 എൽ.എസ്.ജി.ഡി. തി. 14.03.2013 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഈ ഉത്തരവിലെ ഖണ്ഡിക 9 ൽ വായ്പയുടെ മുതൽ ഇനത്തിലെയും പലിശ ഇനത്തിലെയും തുക തിരിച്ചടക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ സി. 1436/12 തീയതി 22.03.2013 നമ്പർ കത്തിലൂടെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിലെ ഐ.എ.വൈ. ഗുണഭോക്താക്കൾ, 24 പട്ടികജാതിക്കാർ ഉൾപ്പെടെ 59 പേർ ആണെന്നും, ഇവർക്ക് സംസ്ഥാന വിഹിതമായ 27,73,830/- രൂപ സഹകരണ ബാങ്കിൽ നിന്ന് വായ്പ എടുക്കാമെന്നും വ്യക്തമാക്കി. (പട്ടികജാതി വിഭാഗത്തിന് 1800000+ജനറൽ 2625000 = 4425000) തുടർന്ന് സംസ്ഥാനത്തെ സഹകരണ ബാങ്കിൽ നിന്നും ഈ ഇനത്തിൽ എടുക്കുന്ന വായ്പയുടെ പലിശ പരിധി 11.25% ആയി നിജപ്പെടുത്തി അത് സർക്കാർ വഹിക്കുമെന്ന് സ.ഉ. 162/13 /തസ്വഭവ. തി. 26.04.2013 ന് ഉത്തരവായി. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് പേരാമ്പ്ര റീജ്യനൽ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് ലോൺ നമ്പർ ഐ.എ.വൈ. എച്ച്.എൽ പ്രകാരം 12 ശതമാനം പലിശ നിരക്കിൽ 27,73,830/- രൂപ (ലോൺ നം-ഐ.എ.വൈ-1) കടമെടുത്തു. വർദ്ധിച്ച പലിശ 0.75 ശതമാനം ബ്ലോക്ക് പഞ്ചായത്ത് വഹിക്കാൻ തീരുമാനിച്ചു. പദ്ധതി ഫയൽ, ലോൺ ഫയൽ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. ബാങ്കിന്റെ ലോൺ ലഡ്ജർ പരിശോധിച്ചതിൽ താഴെ കൊടുത്ത തിയ്യതികളിലാണ് ലോൺ തുക ലഭിച്ചത്.

| തിയ്യതി | തുക |
|---|---|
| 12.08.2013 | 2066158 |
| 20.04.2014 | 431766 |
| 31.03.2015 | 61078 |
| 04.08.2015 | 214828 |
| ആകെ | 2773830 |

വായ്പയുടെ മുതലും പലിശയും തിരിച്ചടച്ചതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| തിയ്യതി | മുതൽ | പലിശ |
|---|---|---|
| 22.07.2014 | -- | 19246 |
| 07.07.2015 | -- | 22510 |
| 07.11.2016 | -- | 22510 |
| 22.08.2017 | | 22510 |
| ആകെ | | 86776 |

31.01.2022 തിയ്യതിയിൽ ലോൺ ഇനത്തിൽ 53,43,093/- (2773830 മുതൽ, 2490037 പലിശ, 792261 രൂപ (75% നിരക്കിൽ ബ്ലോക്ക് പഞ്ചായത്ത് അടവാക്കേണ്ട പലിശ) രൂപ അടയ്ക്കാൻ അവശേഷിക്കുന്നുണ്ട്. ലോൺ എടുക്കാൻ അനുമതി നൽകിയ സ.ഉ. 90/2013 എൽ.എസ്.ജി.ഡി. തിയ്യതി 14.03.2013 ൽ ലോണിന്റെ മുതലും പലിശയും സർക്കാർ അനുവദിക്കുന്നതാണ്/അത് സർക്കാരിന്റെ ഉത്തരവാദിത്തമാണ് എന്ന് വ്യക്തമാക്കിയെങ്കിലും, 2013-14 മുതൽ 2021-22 വരെ ഈ ഇനത്തിൽ യാതൊരു തുകയും ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ചില്ല. തുടർന്ന് 26.03.2016 ലെ സ.ഉ.(സാധാ) 1328/2016/തസ്വഭവ ഉത്തരവിൽ 2015-16 വർഷത്തിൽ നടപ്പാക്കാൻ സാദ്ധ്യതയില്ലാത്ത പ്രോജക്ടുകളിലെ തുക, ഐ.എ.വൈ പദ്ധതിയ്ക്കായി സർക്കാർ നൽകേണ്ടിയിരുന്ന അധിക ധനസഹായത്തിനായി സഹകരണ ബാങ്കിൽ നിന്നും ബ്ലോക്ക് പഞ്ചായത്തുകൾ വായ്പ എടുത്തതിന്റെ മുതലും പലിശയും തിരിച്ചടയ്ക്കുന്നതിന് അനുമതി നൽകി. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലോൺ തിരിച്ചടക്കുന്നതിന് യാതൊരു നടപടിയും ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചില്ല. കൂടാതെ മേൽ ഉത്തരവ് ആധാരമാക്കി തുടർവർഷങ്ങളിൽ ലോൺ തിരിച്ചടക്കുന്നതിന് സ്ഥാപനം സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായും കാണുന്നില്ല.

2016-17 വർഷം ബ്ലോക്ക് പഞ്ചായത്ത് ചെലവഴിക്കാത്ത പദ്ധതികൾ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ജനറൽ - 45,12,915/- രൂപയുടേതും എസ്.സി.പി.- 31,90,515/- രൂപയുടേതുമാണ്. 2016-17 വർഷം ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച പ്ലാൻ ഫണ്ട് ജനറൽ 2,98,15,615/- രൂപയും, എസ്.സി.പി. 1,17,45,504/- രൂപയുമാണ്. ഇതിൽ ചെലവ് യഥാക്രമം 2,53,02,700/-, 85,54,989/- രൂപയുമാണ്. 31.03.2017 ന് എല്ലാ പദ്ധതികളും നിർവ്വഹണം ചെയ്തതിന് ശേഷം ആകെ 77,03,430/- രൂപ ബ്ലോക്ക് പഞ്ചായത്തിന് ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ട്. 12 ശതമാനം പലിശ കണക്കാക്കിയാൽ ഈ ലോൺ ഇനത്തിൽ 31.03.2017 ന് 27,73,830/- രൂപ മുതലും, 10,02,963/- രൂപ പലിശയും ഉൾപ്പെടെ 37,76,793/- രൂപ അടവാക്കി ലോൺ ക്ലോസ് ചെയ്യാൻ സാധിക്കുമായിരുന്നു. കൈവശം 77,03,430/- രൂപ ഉണ്ടായിരിക്കെ

37,76,793/- രൂപയ്ക്ക് ജി.ഒ. പ്രോജക്ട് തയ്യാറാക്കി ലോൺ ക്ലോസ് ചെയ്യാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്. അപാകതയ്ക്ക് 31.03.2017 ലെ സെക്രട്ടറിയായ ശ്രീ.സി.ജി.കമലാകാന്ത പൈ ബി.ഡി.ഒ. വിശദീകരണം നൽകേണ്ടതാണ്.

2. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31.03.2017 ന് ലോൺ ക്ലോസ് ചെയ്തിരുന്നെങ്കിൽ തുടർന്ന് പലിശ ഇനത്തിൽ അടച്ച അടവാക്കേണ്ട രൂപ അടവാക്കുന്നത് ഒഴിവാക്കാമായിരുന്നു. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| നാളിത് വരെ അടച്ച പലിശ | | 86776 |
| 22.07.2014 ന് അടച്ച പലിശ | 19246 | |
| 07.07.2015 ന് അടച്ച പലിശ | 22510 | |
| 07.11.2016 ന് അടച്ച പലിശ | 22510 | |
| 22.08.2017 ന് അടച്ച പലിശ | 22510 | |
| 31.03.2017 ന് ലോൺ ക്ലോസ് ചെയ്തിരുന്നെങ്കിൽ അടക്കേണ്ട പലിശ (12 ശതമാനം നിരക്കിൽ) | 1002963 | |
| ഇത് നാളിത് വരെ അടച്ച പലിശയിൽ കുറച്ചാൽ | | 938697 |
| +31.01.2022 പലിശ അടക്കാനുള്ളത് (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം) | | 2569263 |
| നഷ്ടം | | 1630566 |

പലിശ ഇനത്തിൽ ഇത്രയും വലിയ തുക ഒടുക്കുവാനുണ്ടായത് 2016-17 വർഷത്തിൽ ലോൺ ക്ലോസ് ചെയ്യാത്തതിനാലാണ്. തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

3. മേൽ ഉത്തരവ് 2016 ലാണ് അതായത് 2015-16 വർഷമാണ് പ്രതിപാദിച്ചതെങ്കിൽ, അതിന് ശേഷം ലോൺ തീർക്കാൻ തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചില്ല. 2015-2016 വർഷത്തിന് ശേഷം പ്ലാൻ ഫണ്ട് ചെലവ് ഇല്ലാത്തതിനാൽ സർക്കാരിലേയ്ക്ക് തിരികെ പോയ തുകയുടെ വിശദാംശം കൊടുക്കുന്നു (സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം).

| | ചെലവഴിക്കാതെ അവശേഷിച്ച പ്ലാൻ ഫണ്ട് | | |
|---|---|---|---|
| വർഷം | ജനറൽ | എസ്.സി.പി. | ആകെ |
| 1. 2016-17 | 4512915 | 3190515 | 7703430 |
| 2. 2017-18 | 5543462 | 2785977 | 8329439 |
| 3. 2018-19 | 8822129 | 5349511 | 14171640 |
| 4. 2019-20 | 28408911 | 12545924 | 40954835 |
| 5. 2020-21 | 9240184 | 6909419 | 16149603 |
| 6. 2021-22 | 393120 | 281204 | 674324 |

2016-17 മുതൽ 2020-21 വരെ മേൽ കാണിച്ച പ്രകാരം ഓരോ വർഷവും 70 ലക്ഷത്തിലധികം രൂപ സർക്കാർ തിരിച്ചെടുത്ത സാഹചര്യത്തിൽ ഓരോ സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് മുന്നോടിയായി 2016 ൽ അനുമതി തന്ന സാഹചര്യത്തിൽ സർക്കാർ അനുമതിയോടുകൂടി തുടർ വർഷങ്ങളിൽ ലോൺ തുക തിരിച്ചടക്കേണ്ടതായിരുന്നു. അപ്രകാരം നടപടി സ്വീകരിക്കാതിരുന്ന 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിലെ സെക്രട്ടറിമാർ ഈ വീഴ്ച്ചയ്ക്ക് കാരണക്കാരാണ്. അതിന് വിശദീകരണം നൽകേണ്ടതാണ്.

ഇപ്രകാരം ഓരോ സാമ്പത്തിക വർഷവും ചെലവഴിക്കാത്ത പദ്ധതിയിലെ വകയിരുത്തിയ തുകകൾ കണക്കാക്കി, ആ സാമ്പത്തിക വർഷം ലോൺ അടച്ചിരുന്നെങ്കിൽ 2015-16 ന് ശേഷം പലിശ ഇനത്തിൽ വന്ന തുക അടവാക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്തിന് ബാദ്ധ്യത കൈവരില്ലായിരുന്നു. 2014-15 മുതൽ ഓരോ സാമ്പത്തിക വർഷവും ബാദ്ധ്യതയായ ലോൺ പലിശ താഴെ കൊടുക്കുന്നു.

| | |
|---|---|
| 2014-15 | 307936 |
| 2015-16 | 347514 |
| 2016-17 | 347514 |
| 2017-19 | 347514 |
| 2018-19 | 347514 |
| 2019-20 | 347514 |

| | |
|---|---|
| 2020-21 | 347514 |
| 2021-22 | 263020 |

യഥാസമയം സർക്കാർ അനുമതി വാങ്ങി ലോൺ തുക തീർക്കാതിരുന്ന 2016-17 മുതൽ 2020-21 വരെയുള്ള സെക്രട്ടറിമാരിൽ നിന്ന് മേൽ തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 17.09.2022, 19.09.2022 | ഈ റിപ്പോർട്ടിനൊപ്പം പുറപ്പെടുവിക്കുന്നു. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ | 2021-22 | 4116000 | പ്രോജക്ട് | 4116000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | നം-1/21-22. ലൈഫ് പി.എം.എ.വൈ ഭവന നിർമ്മാണം (ജനറൽ) | | |
| | 2021-22 | 850000 | പ്രോജക്ട് നം-7/21-22. ലൈഫ് പി.എം.എ.വൈ ഭവന നിർമ്മാണം (പട്ടികജാതി) | 850000 | 0 |
| ഗ്രാമപഞ്ചായത്ത് | 2021-22 | 7054820 | പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം | 0 | 7054820 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഐ.എ.വൈ ഭവന നിർമ്മാണം അധിക വിഹിതം നൽകൽ | സ.ഉ.എം.എസ് നം-90/13 തി.14.03.2013 സർക്കുലർ നം-17774/DD/2013 തി.20.03.2013 | - | 2773830 | - | 166002 (.75 ശതമാനം നിരക്കിൽ) 12.06.2013 മുതൽ 31.01.22 വരെയുള്ളത് | |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 35 | 2002-03 | VII.I.II.I(I) | അയോൽപടി-എടക്കയിൽ റോഡ് | LFAC Report 2011-14(3) ഖ 102 പഞ്ചായത്തിന്റെ വിശദീകരണം തൃപ്തികരമായതിനാൽ ഒഴിവാക്കാൻ ശുപാർശ |
| 2003-04 | 3 -3 | 2006 - 07 | 3.82(1) | കുറ്റ്യാടി പുഴയുടെ തീര | LFAC 2016-19 - 25th Report, |

| | | | | | |
|---|---|---|---|---|---|
| | | | | സംരക്ഷണം - ലക്ഷ്യം കൈവരിച്ചില്ല. | ഖ - 98 പരാമർശം ഒഴിവാക്കി |
| 2015-16 | 3-3,3-5,3-6 | 2016-17 | 4.8.1 | ചട്ടലംഘനം | പരാമർശം നിലനിൽക്കുന്നു. |
| 2013-14, 2014-15 | 3-3 | 2016-17 | 7(ബി) | സമഗ്രകോളനി വികസനത്തിനുള്ള ഫണ്ട് വക മാറ്റി | പരാമർശം നിലനിൽക്കുന്നു. |
| 2016-17 | 3-12 | 2017-18 | 1.11.4 | സർക്കാർ അനുമതി യില്ലാതെ ഉയർന്ന പലിശ നിരക്കിൽ വായ്പയെടുത്തു | പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

### (എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

### (ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖ. നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |

| | | | | | | | (തീയതി) | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2000-01 | 27, 29 | ശ്രീ.കെ.പി പര്യായിക്കുട്ടി | LF.9969/Spl. Cellsc5/03 Dt.12.04.04 | 2,851 | 11421 തീ-12.06.18 | | | | | | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,81,89,345 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,88,07,385 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 79,44,786 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-7 | 5672557 | ശ്രീ.സൂരജ് പി.ജി<br>അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-8 | 815374 | ശ്രീ.ബേബി പി.വി,<br>സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |
| 1-13 | 1000000 | ശ്രീമതി.ദീപ കെ. |

| | | |
|---|---|---|
| | | സി.ഡി.പി.ഒ |
| 1-14 | 456855 | ശ്രീമതി.ദീപ കെ.<br>സി.ഡി.പി.ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സൂരജ്.പി.ജി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | സ്വപ്ന ഹൗസ്, എം.എസ്.എസ് സ്കൂളിന് സമീപം, തണ്ണീർപന്തൽ.പി.ഒ, വേങ്ങേരി, കോഴിക്കോട് |
| ശ്രീ.ബേബി പി.വി, സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി (റിട്ടയേർഡ്) | പള്ളിപ്പാട് (വീട്), ഐരപ്പുറം (പ.ഒ), എറണാകുളം |
| ശ്രീമതി.ദീപ.കെ. സി.ഡി.പി.ഒ | സി.ഡി.പി.ഒ, പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | കേളോത്ത്, പനങ്ങാട്, ബാലുശ്ശേരി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും | തീർപ്പാക്കാൻ | റിമാർക്സ് |
|---|---|---|---|---|

| റിപ്പോർട്ട് വർഷം | പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 1999-00 | കെ.എസ്.എ. കെ.കെ.ഡി.പി11/ 734/2020 തീ.25.09.2020 | 4 | 34, 35, 36, 37 |
| 2000-01 | കെ.എസ്.എ. കെ.കെ.ഡി.പി8/ 1294/2021 തീ.08.02.2022 | 6 | 25, 33, 34, 38(B), 39, 40 |
| 2002-03 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(6) തീ.05/04/2017 | 4 | 8, 9, 13, 16 |
| 2005-06 | കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(2)തീ.20.07.2022 | 10 | 3-3, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-14 |
| 2006-07 | കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(3)തീ.20.07.2022 | 6 | 3-4,3-7, 3-8, 3-11, 3-12, 3-13 |
| 2007-08 | കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(4)തീ.04.08.2022 | 11 | 3-3, 3-6, 3-7(2), 3-8(3), 3-10, 3-12, 3-13, 3-14,3-16, 3-17, 3-18 |
| 2008-09 | കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(5)തീ.04.08.2022 | 3 | 2-2, 3-1, 3-5 |
| 2009-10, 2010-11 | കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(6)തീ.04.08.2022 | 2 | 3-4, 3-13 |
| 2011-12, 2012-13 | കെ.എസ്.എ. കെ.കെ.ഡി.പി8/ 1004/2022 തീ.04.08.2022 | 5 | 2-1, 3-3(1), 3-5, 3-7,3-9 |
| 2013-14, 2014-15 | കെ.എസ്.എ. കെ.കെ.ഡി.പി8/ 1004/2022 (1)തീ.04.08.2022 | 8 | 2-1, 2-2, 3-1, 3-2, 3-3, 3-8, 3-9, 3-10 |
| 2015-16 | കെ.എസ്.എ. കെ.കെ.ഡി.പി8/ 1004/2022(7) തീ.05.08.2022 | 8 | 3-1, 3-2, 3-3, 3-5, 3-6, 3-12, |

| | | | |
|---|---|---|---|
| | | | 3-13, 3-15 |
| 2016-17 | കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(8) തീ.05.08.2022 | 6 | 3-2, 3-3,3-8, 3-10, 3-12, 3-13 |
| 2017-18 | കെ.എസ്.എ. കെ.കെ.ഡി.പി8/ 966/2022(9) തീ.06.08.2022 | 5 | 1-10, 3-2, 3-4, 3-9, 3-13(3) |
| 2018-19 | കെ.എസ്.എ. കെ.കെ.ഡി.പി8/ 1296/2021/തി.05.02.2022 | 5 | 1-15, 1-21, 1-23, 1-26, 1-27 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി 8/ 1868/2021തി.04.01.2021 | 16 | 1-1 മുതൽ 1-16 വരെ |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/പി 8/ 1869/2021തി.11.01.2021 | 28 | 1-1 മുതൽ 1-28 വരെ |

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്